**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് - ജനകീയാസൂത്രണം - 2010-11, 2011-12 ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ).993/14/തസ്വഭവ തീയതി, തിരുവനന്തപുരം, 08.04.2014

==========================================================================

പരാമർശം: ഗ്രാമവികസന കമ്മീഷണറുടെ 27.01.2014 ലെ 867/ഡി.പി.4/14/സി.ആർ.ഡി. നമ്പർ കത്ത്.

**ഉത്തരവ്**

ജനകീയാസൂത്രണ പദ്ധതി പ്രകാരം ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് 2010-11, 2011-12 എന്നീ സാമ്പത്തിക വർഷത്തിൽ പൊതുവിഭാഗം വികസന ഫണ്ടിൽ ഉൾപ്പെടുത്തി ചെയ്ത പ്രോജക്ടുകളായ ഗ്രന്ഥശാലകൾക്ക് പുസ്തകം വാങ്ങൽ (Rs.1,00,000/), യൂത്ത് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം (Rs.2,51,454/) എന്നിവ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപെടാത്ത പദ്ധതികളാണെങ്കിലും മേലിൽ ഇത്തരം പ്രവൃത്തികൾ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ഏറ്റെടുക്കരുതെന്ന കർശനമായ താക്കീതോടെ ടി പദ്ധതികൾക്ക് സർക്കാരിന്റെ സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശ പ്രകാരം ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജനകീയാസൂത്രണ പദ്ധതി പ്രകാരം ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് 2010-11, 2011-12 എന്നീ സാമ്പത്തിക വർഷത്തിൽ പൊതുവിഭാഗം വികസന ഫണ്ടിൽ ഉൾപ്പെടുത്തി ചെയ്ത പ്രോജക്ടുകളായ ഗ്രന്ഥശാലകൾക്ക് പുസ്തകം വാങ്ങൽ (Rs.1,00,000/), യൂത്ത് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം (Rs.2,51,454/) എന്നിവ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപെടാത്ത പദ്ധതികളായതിനാൽ മേലിൽ ഇത്തരം പ്രവൃത്തികൾ

സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ഏറ്റെടുക്കരുതെന്ന കർശനമായ താക്കീതോടെ സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

സത്യകുമാർ.എസ്.
ജോയിന്റ് സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. സെക്രട്ടറി/പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത്, ഓച്ചിറ പി.ഒ., ചങ്ങൻകുളങ്ങര-690 526.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
5. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ